**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **96**

23-01-2018 -ൽ മറുപടിക്ക്

**ചുഴലിക്കാറ്റ് മുന്നറിയിപ്പ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് ചുഴലിക്കാറ്റ് ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പ് സംസ്ഥാന റവന്യൂ വകുപ്പിനെ നവംബർ 29 ന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നോ; | എ) | 29.11.2017-ന് മുന്നറിയിപ്പ് നൽകിയിരുന്നില്ല. |
| ബി) | പ്രസ്തുത മുന്നറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ക്രൈസിസ് മാനേജ്മെന്റ് ടീം നവംബർ 29 ന് യോഗം ചേർന്നിരുന്നോ; | ബി) | 29.11.2017 ന് ചേർന്നിട്ടില്ല. |
| സി) | മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ടീം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | സി) | 30-11-2017 ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിന്നും ചുഴലിക്കാറ്റ് മുന്നറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഉച്ചയ്ക്ക് 1.30-ന് ചേർന്ന Crisis Management Group യോഗത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും, മത്സ്യബന്ധനത്തൊഴിലാളികൾക്കും മലയോര മേഖലയിലെയും, തീരമേഖലയിലേയും വിനോദസഞ്ചാര കേന്ദ്രങ്ങൾക്കും പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കും വിശദമായ നിർദ്ദേശങ്ങൾ നൽകി. 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് സെക്ഷൻ 18(3) പ്രകാരം കേന്ദ്ര സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചെയർമാനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് അംഗീകാരം നൽകുകയും ചുഴലിക്കാറ്റ് Severe Cyclonic Storm എന്ന സ്ഥിതിയിൽ എത്തിയാലുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തുവാൻ വ്യക്തമായ നിർദ്ദേശം ജില്ലകൾക്കും, പത്ര മാധ്യമങ്ങൾക്കും നൽകി. തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 30.11.2017-ന് തന്നെ തീരസംരക്ഷണ സേനയോട്, രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുകയും Standard Operating Procedures പ്രകാരം Army, Navy, Air Force, Fire & Rescue Services, Coast Guard എന്നിവരെ ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങളും ഏകോപനവും ഉറപ്പ് വരുത്തി. ആധുനിക വിമാനങ്ങളും, കപ്പലുകളും തിരുവനന്തപുരം തീരത്ത് എത്തുവാൻ ശ്രമിച്ചെങ്കിലും 30/11/2017-ലെ പ്രതികൂല കാലാവസ്ഥാ സ്ഥിതിയിൽ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെടുവാൻ സാധിച്ചില്ല. 6 വായു സേനാ വിമാനങ്ങൾ, 2 ഹെലികോപ്റ്റർ, 2 കോസ്റ്റ് ഗാർഡ് കപ്പലുകൾ, 1 കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ, 4 നേവി വിമാനങ്ങൾ എന്നിവ രാത്രിയോടുകൂടി രക്ഷാ പ്രവർത്തനം ആരംഭിച്ചു. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനെ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട് കടലിൽ യാത്ര ചെയ്യുന്ന എല്ലാ വാണിജ്യ കപ്പലുകൾക്കും ഉൾക്കടലിൽ അപകടത്തിൽപ്പെട്ട മത്സ്യ തൊഴിലാളികളെ രക്ഷിക്കുവാൻ സഹായം അഭ്യർത്ഥിച്ചു. ഓരോ താലൂക്കിലും പ്രത്യേകം കൺട്രോൾ റൂം സജ്ജീകരിക്കുകയും 18 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും 261 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്തു. ദുരിത ബാധിതർക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുവാൻ നിർദ്ദേശിച്ചു. റവന്യൂ, പോലീസ്, ഫിഷറീസ്, വായു സേന, നേവി, കോസ്റ്റ് ഗാർഡ്, എന്നിവരുടെ സംയുക്ത കൺട്രോൾ റൂം ആരംഭിച്ച് Operation Synergy' എന്ന പേരിൽ രക്ഷാപ്രവർത്തനം നടത്തി. തീരദേശ താലൂക്കുകളിലും കൺട്രോൾ റൂം ആരംഭിച്ചു. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തിര സഹായമായി കൂടുതൽ കപ്പലുകളും, വിമാനങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. ലക്ഷദ്വീപിൽ എത്തിയ മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുവാൻ പ്രസ്തുത സർക്കാരിനോട് അഭ്യർത്ഥിച്ചു. കൊച്ചി |

| | | | |
|---|---|---|---|
| | | | കേന്ദ്രീകരിച്ച് ഒരു കൺട്രോൾ റൂം കൂടി ആരംഭിച്ചു. ഫിഷറീസ് വകുപ്പ് പ്രാദേശിക മത്സ്യ തൊഴിലാളികളെ ഉൾപ്പെടുത്തി കൊച്ചിയിൽനിന്നും വലിയ മത്സ്യബന്ധന ബോട്ടിൽ തിരച്ചിൽ നടത്തി. മഹാരാഷ്ട്ര, ഗോവാ, ഗുജറാത്ത്, കർണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2500 രൂപാ വീതവും നൽകുവാൻ അതാത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. രക്ഷാ പ്രവർത്തനത്തിന്റെ മുഖ്യ ഏകോപന കേന്ദ്രം കൊച്ചിയിലെ നേവിയുടെ Joint Operations Command ലേക്ക് മാറ്റി. കേന്ദ്ര സേനകൾ അവരുടെ അന്വേഷണം തുടരണമെന്നും മറ്റ് രാജ്യങ്ങളിലെത്തിപ്പെട്ട മത്സ്യത്തൊഴിലാളികളെ തിരിച്ചെത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും 7340.45 കോടി രൂപയുടെ പുനരധിവാസ പാക്കേജ് ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. |

സെക്ഷൻ ഓഫീസർ